# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5932 28.10.2011ൽ മറുപടിയ്ക്ക്

**അടച്ചുപൂട്ടിയ പള്ളികൾ തുറന്നുകൊടുക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ പി. റ്റി. എ. റഹീം : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) മാറാട് സംഭവത്തോടനുബന്ധിച്ച് അടച്ചു പൂട്ടിയ ഏതെങ്കിലും മുസ്ലീം പള്ളികൾ ഇപ്പോഴും അടഞ്ഞുകിടക്കുന്നുണ്ടോ;<br><br>ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;<br><br>സി) പള്ളി അടച്ചുപൂട്ടാൻ ഉത്തരവിട്ടത് ആരാണ് ;<br><br>ഡി) മാറാട് സമാധാനം പുനഃസ്ഥാപിച്ച സാഹചര്യത്തിൽ പള്ളി ആരാധനയ്ക്കായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ? | (എ), (ബി), (സി) ആന്റ് (ഡി)<br><br>മാറാട് സംഭവത്തോടനുബന്ധിച്ച് 08.05.2003 - ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ എസ് 2/16714/03 നമ്പർ ഉത്തരവ് പ്രകാരം മാറാട് ജുമാ മസ്ജിദ് കോഴിക്കോട് ജില്ലാ കളക്ടർ ഏറ്റെടുത്തു. കലാപ ശേഷം ''റിഹാബിലിറ്റേഷൻ കോർ കമ്മിറ്റി''യുടെ മീറ്റിംഗിൽ സ്വീകരിച്ച തീരുമാനപ്രകാരം മാറാട് അൽ-ഫാറൂക്ക് മോസ്ക്ക് അടച്ചു പൂട്ടിയിരുന്നു.<br><br>മാറാട് ജുമാ മസ്ജിദിൽ പ്രവേശന പാസുള്ളവർക്ക് ദിവസവും 5 നേരം പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥന നടത്താൻ അനുവദിക്കാറുണ്ട്. റവന്യൂ അധികാരികളാണ് പള്ളി തുറക്കുന്നതും പ്രാർത്ഥനക്കുശേഷം അടക്കുന്നതും.<br><br>അൽ - ഫാറുക്ക് മോസ്ക്കിൽ റവന്യൂ അധികാരികളുടെ അനുമതിയോടെ ഇപ്പോൾ ''ഖബർ സിയാറത്ത്'' (ഖബർ സന്ദർശനം) അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ